# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.6)1351/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 05/10/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.6)1351/2023 തീയ്യതി: 05/10/2023

# എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 11-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-08-2023 | 21-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-08-2023 | 21-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

അജിമോൻ പി.പി. ഓഡിറ്റ് ഓഫീസർ

പ്രവീൺ ഷേണായ് ജെ. ഓഡിറ്റ് ഓഫീസർ

പുഷ്പ ആർ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

മേഴ്സി കെ.പി. സീനിയർ ഗ്രേഡ് ഓഡിറ്റർ

ടിനു കെ.ജെ.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സജിത മുരളി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സാബു സി.ജെ. | സെക്രട്ടറി | 01-04-2022 | 13-04-2022 |
| ശ്രീമതി. സിന്ധു എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-04-2022 | 03-05-2022 |
| ശ്രീ.പി.എ.മുഹമ്മദ് ഹാഷിം | സെക്രട്ടറി | 04-05-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സിന്ധു എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.ആരതി സാധു | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ആശ ബാബു ആർ. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീ.സുധീർ എം.എൻ. | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീമതി.സീനു ജോസഫ് | കൃഷി ഓഫീസർ | 30-07-2022 | 31-03-2023 |
| ഡോ.റാണാ രാജ് വി.ആർ. | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജയ കെ.ആർ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷൈനി മാത്യൂ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോ.സുമ വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ -ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.ചൈതന്യ കെ.വി. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി.അനുഷ കെ.കെ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 02-02-2023 |
| ശ്രീമതി.ശ്രീജ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 03-02-2023 | 31-03-2023 |

| | | | |
|---|---|---|---|
| ഗോപിനാഥ് | | | |
| ശ്രീമതി.നസീന ടി.എ. | വി.ഇ.ഒ. കണ്ടനാട് | 01-04-2022 | 29-08-2022 |
| ശ്രീമതി.സൌമ്യ ശശിധരൻ | വി.ഇ.ഒ.കണ്ടനാട് -ഇൻ ചാർജ്ജ് | 30-08-2022 | 31-03-2023 |
| ശ്രീമതി.ശ്രീവിദ്യ വി. | വി.ഇ.ഒ.ഉദയംപേരൂർ | 01-04-2022 | 29-08-2022 |
| ശ്രീമതി.സൌമ്യ ശശിധരൻ | വി.ഇ.ഒ.ഉദയംപേരൂർ | 30-08-2022 | 31-03-2023 |
| ശ്രീമതി.ശ്രീവിദ്യ വി. | വി.ഇ.ഒ.പൂത്തോട്ട (അധിക ചുമതല) | 01-04-2022 | 29-08-2022 |
| ശ്രീമതി. രാജി.കെ.ആർ | വി.ഇ.ഒ.പൂത്തോട്ട | 30-08-2022 | 22-02-2023 |
| ശ്രീമതി.രഞ്ജിനി പി.വി. | വി.ഇ.ഒ.പൂത്തോട്ട | 23-02-2023 | 31-03-2023 |
| ഡോ.ഷീജ ബി. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2022 | 19-07-2022 |
| ഡോ.റോഷിനി എം.ടി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 20-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ഇൻവെസ്റ്റ്മെന്റ് തുക ഫിക്സഡ് ഡെപ്പോസിറ്റ് രസീതുകളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ധനകാര്യ പത്രികയിൽ തൻവർഷത്തെ ടെണ്ടർ ഫോറവില കിട്ടാനുള്ളത് രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ആബുലൻസ് വാടക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി. | 1-1-5 |
| 7 | സാമൂഹ്യ സുരക്ഷിതത്ത്വ പെൻഷനുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. | 1-1-6 |
| 8 | അഡ്വാൻസ് രജിസ്റ്റർ എ.എഫ്.എസ്സു മായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ഡെപ്പോസിറ്റ് രജിസ്റ്റർ എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | കുടുംബശ്രീക്ക് നൽകിയ അഡ്വാൻസ് തുക പൂർണ്ണമായും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം അടവാക്കിയ തുക മുഴുവനായും എ.എഫ്.എസിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | തനത് വരുമാനം - അവലോകനം | 1-11 |
| 22 | വാണിജ്യകെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമം നൽകി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നു | 1-12 |
| 23 | ഒരേ റോഡ് വ്യത്യസ്ത വീതിയിൽ സഞ്ചയയിൽ ചേർത്തു - വഴി സൗകര്യം ഇനത്തിൽ വസ്തുനികുതി വർദ്ധനവ് നൽകിയില്ല. | 1-13 |

| | | |
|---|---|---|
| 24 | പ്രധാനപ്പെട്ട റോഡിൽ നിന്ന് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കാതെ ഓഡിറ്റോറിയത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചു. | 1-14 |
| 25 | ടെലികോം കമ്പനികൾ സ്ഥാപിച്ചിരിക്കുന്ന ജി. ഐ. പോളുകളുടെ വാർഷിക വാടക (2022-23 വർഷത്തെ പോൾ റെന്റ് ) ഈടാക്കിയില്ല. | 1-15 |
| 26 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ | 1-16 |
| 27 | മുൻകൂർ പണം അടവാക്കിയിട്ടും മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല. | 1-17 |
| 28 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ. | 1-17-1 |
| 29 | പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ. | 1-17-2 |
| 30 | ഇ.ടെണ്ടർ ഫീസിനത്തിൽ വരവ് വന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് യഥാസമയം അടാവാക്കുന്നില്ല – പലിശ നഷ്ടം | 1-18 |
| 31 | റിഡംപ്ഷൻ തുക – 4.73 ലക്ഷം രൂപ തിരികെ ലഭിച്ചിട്ടില്ല. | 1-19 |
| 32 | സ്ട്രീറ്റ് ടാപ്പ് വെള്ളക്കരം - സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല- മറ്റ് അപാകതകൾ. | 1-20 |
| 33 | കുടുബശ്രീക്ക് നൽകിയ അഡ്വാൻസ് തുക 4 ലക്ഷം രൂപ തിരികെ ലഭിച്ചിട്ടില്ല. | 1-21 |
| 34 | തൊഴിലുറപ്പ് പദ്ധതി - ജി.എസ്.ടി. - ആദായനികുതി ഉറവിടത്തിൽ കുറവ് ചെയ്യുന്നില്ല. | 1-22 |
| 35 | ക്രമീകരിക്കപ്പെടാത്ത 1.54 കോടി രൂപയുടെ നിക്ഷേപ പ്രവൃത്തികൾ | 1-23 |
| 36 | ദുരിതാശ്വാസ നിധി | 1-24 |
| 37 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല (ഗവ. എൽ. പി. സ്കൂൾ ) | 1-25 |
| 38 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല(വാട്ടർ അതോറിറ്റി) | 1-26 |
| 39 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല(കെ.എസ്.ഇ.ബി.) | 1-27 |
| 40 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല(ഐ.കെ.എം). | 1-28 |
| 41 | ഹൈസ്കൂളിൽ വെന്റിംഗ് മെഷീൻ സ്ഥാപിക്കൽ (ഷീ പാഡ് പദ്ധതി)- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-29 |
| 42 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയുടെ അപാകത സംബന്ധിച്ച് | 1-30 |
| 43 | മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു. | 1-31 |
| 44 | ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ₹21,442 പഞ്ചാത്തക്കൌണ്ടിൽ അടവാക്കി. | 1-32 |
| ഭാഗം **2** | | |
| 1 | ടെലികോം കമ്പനികൾ സ്ഥാപിച്ചിരിക്കുന്ന ജി. ഐ. പോളുകളുടെ വാർഷിക വാടക (2022-23 വർഷത്തെ പോൾ റെന്റ് ) ഈടാക്കിയില്ല. | 2-1 |
| ഭാഗം **3** | | |

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 10.07.2023 ലെ 2(1) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 12.07.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : എറണാകുളം

തീയതി : 05.10. 2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ഇൻവെസ്റ്റ്മെന്റ് തുക ഫിക്സഡ് ഡെപ്പോസിറ്റ് രസീതുകളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റിലെ ബി-12 ഷെഡ്യൂളിൽ പഞ്ചായത്തിന്റെ സ്ഥിരനിക്ഷേപം ഇനത്തിലുള്ള നീക്കിയിരിപ്പ് ₹31,29,666/- ആയിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ രണ്ട് സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളിലായി ₹29,55,796/- മാത്രമാണ് നീക്കിയിരിപ്പുള്ളത്.

### 1-1-3 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മുൻവർഷത്തിലെ അഡ്വാൻസ് തുക തൻവർഷം ക്രമീകരിച്ചിരിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-4 ധനകാര്യ പത്രികയിൽ തൻവർഷത്തെ ടെണ്ടർ ഫോറവില കിട്ടാനുള്ളത് രേഖപ്പെടുത്തിയിട്ടില്ല

എൽ.എസ്.ജി.ഡി. സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഇ-ടെണ്ടർ ഫീസ് ഒടുക്കുന്നതിനായി ആരംഭിച്ചിട്ടുള്ള 38898339335 നമ്പർ കറണ്ട് അക്കൌണ്ടിൽ ₹3,75,802/- ഈയിനത്തിൽ 12.3.2023 ൽ നീക്കിയിരിപ്പുണ്ട്. ഈ തുക ആസ്തി ബാദ്ധ്യത കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-5 ആബുലൻസ് വാടക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി.

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള ആംബുലൻസിന് ലഭിച്ച ₹10,280/- വാടക 150400101 Hire Charge Of Ambulance എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിന് പകരം 150400102 Hire Charge Of BOAT എന്ന ശീർഷകത്തിൽ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-6 സാമൂഹ്യ സുരക്ഷിതത്ത്വ പെൻഷനുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് DBT വഴി വിതരണം ചെയ്തിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സംബന്ധിച്ച വരവ് ചെലവു കണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല. ജേണൽ ചെയ്തതിൽ ഉണ്ടായ പിഴവാണ് ഇപ്രകാരം സംഭവിച്ചതിന് കാരണമെന്ന് അറിയിച്ചിട്ടുണ്ട്.

### 1-1-7 അഡ്വാൻസ് രജിസ്റ്റർ എ.എഫ്.എസ്സു മായി പൊരുത്തപ്പെടുന്നില്ല.

എ.എഫ്.എസ്സിലെ ബി.18 ഷെഡ്യൂളിലെ താഴെ ചേർക്കുന്ന അഡ്വാൻസ് നീക്കിയിരിപ്പുകൾ അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| Code | Head | B-18 നീക്കിയിരുപ്പ് | രജിസ്റ്ററിലെ നീക്കിയിരുപ്പ് | വ്യത്യാസം |
|---|---|---|---|---|
| 460500201 | ജല അതോറിക്ക് നൽകിയ മുൻകൂർ | ₹1,06,96,365 | ₹1,14,99,108 | ₹8,02,743 |
| 460500202 | കെ.എസ്.ഇ.ബി.ക്ക് നൽകിയ മുൻകൂർ | ₹47,02,300 | ₹40,02,300 | ₹7,00,000 |
| 460100199 | മറ്റ് മുൻകൂറുകൾ | ₹5,75,360 | ₹2,36,059 | ₹339301 |

### 1-1-8 ഡെപ്പോസിറ്റ് രജിസ്റ്റർ എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ള വാർഷിക ധനകാര്യപത്രികയിലെ താഴെ ചേർക്കുന്ന ഡെപ്പോസിറ്റുകളുടെ നീക്കിയിരുപ്പു തുകയും ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല.

| കോഡ് | ശീർഷകം | ബാലൻസ് ഷീറ്റ് Schedule B7 പ്രകാരം | രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 340100102 | Suppliers EMD | 42220 | 41820 | 400 |
| 340100301 | Contractors Retension | 259134 | 264051 | 4917 |
| 340200106 | Rent Fron Hall & Auditorium | 32450 | 32100 | 350 |
| 340200199 | Other Deposits | 25037 | 24037 | 1000 |
| 340800101 | Deposit From Others | 319386 | 320386 | 1000 |
| 340109901 | Other Deposits | 1401537 | 1401557 | 20 |
| 340200101 | Rent Deposit | 158920 | 160920 | 2000 |

പരിശോധനയ്ക്കായി ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-1-9 കുടുംബശ്രീക്ക് നൽകിയ അഡ്വാൻസ് തുക പൂർണ്ണമായും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ആശ്രയ ഭക്ഷ്യക്കിറ്റ് വിതരണത്തിനായി കുടുംബശ്രീക്ക് 4 ലക്ഷം രൂപ മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും ₹3,60,000/- രൂപ മാത്രമാണ് ബാലൻസ് ഷീറ്റിൽ 460500304 എന്ന ശീർഷകത്തിൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടുള്ളത്.

1-1-10 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം അടവാക്കിയ തുക മുഴുവനായും എ.എഫ്.എസിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല

സ്ട്രീറ്റ് ടാപ്പിന്റെ വെള്ളക്കരം ഇനത്തിൽ ₹34,48,103/- ഓഡിറ്റ് വർഷം അടവാക്കിയിട്ടുണ്ടെങ്കിലും Operations And Maintenance (P) : RP -14 ഷെഡ്യൂളിൽ 230110101 Water Charge For KWA Street Tap എന്ന ശീർഷകത്തിൽ 2023 ജനവരിയിൽ അടവാക്കിയ ₹13,34,136/- മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1-2 ബജറ്റ്

ഉദയംപേരൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള കരട് ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 24.3.2022ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് 25.03.2022ലെ 1/1 -ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. 21.03.2023ലെ 11/1 -ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

| | ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1/1 തീയതി 25.03.2022) | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 11/1 തീയതി 18.03.2023) |
|---|---|---|
| മുന്നിരുപ്പ് | ₹1,90,04,081 | ₹1,90,04,081 |
| വരവ് | ₹38,71,67,000 | ₹39,61,51,185 |
| ചെലവ് | ₹39,63,10,464 | ₹41,00,45,499 |
| നീക്കിയിരുപ്പ് | ₹98,60,617 | ₹51,09,767 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരുപ്പ് | ₹3,85,63,645 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹7,88,56,859 |
| ആകെ | ₹11,74,20,504 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹6,75,10,826 |
| നീക്കിയിരുപ്പ് | ₹4,99,09,678 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ബില്ല് പ്രകാരം മാറ്റിയെടുത്ത ഗ്രാന്റുകൾ മുഴുവൻ ഉൾപ്പെട്ടിട്ടില്ല.

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | ₹27128000* | ₹27128000 | ₹24519302* | ₹2608698 | - |
| വികസന ഫണ്ട് (എസ്.സി.പി) | - | ₹7684000* | ₹7684000 | ₹6901987* | ₹782013 | - |
| വികസന ഫണ്ട് (ടി.എസ്.പി) | - | ₹338000 | ₹338000 | ₹161899 | ₹176101 | - |
| സംരക്ഷണഗ്രാന്റ് (റോഡ്) | - | ₹4199000 | ₹4199000 | ₹3719148 | ₹479852 | - |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | - | ₹7034000 | ₹7034000 | ₹5016925 | ₹2017075 | - |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ്(Basic Grant) Bank | ₹1235543 | ₹4459173 | ₹5694716 | ₹5017833 | - | ₹676883 |
| ധനകാര്യകമ്മീഷൻ അവാർഡ്(Basic Grant) Tresury | - | ₹13523 | ₹13523 | ₹13523 | - | - |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) Bank | ₹3150000 | ₹6344000 | ₹9494000 | ₹8230501 | - | ₹1263499 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) Treasury | - | ₹264381 | ₹264381 | ₹204661 | ₹59720 | |
| അനുപൂരക പോഷകാഹാരം 320100196 | ₹443998 | ₹2025807 | ₹2469805 | ₹135897 | - | ₹2333908 |
| ക്രിമറ്റോറിയം 320200301 | ₹347808 | - | ₹347808 | - | - | ₹347808 |
| ശുചിത്വമിഷൻ 320100198 | ₹2678350 | - | ₹2678350 | - | - | ₹2678350 |
| ടി.എസ്.സി 320200399 | ₹179271 | - | ₹179271 | - | - | ₹179271 |
| ടോട്ടൽ സാനിട്ടേഷൻ 320100181 | ₹579000 | - | ₹579000 | ₹214155 | - | ₹364845 |
| Health Grant – Support For Diagnostic Infrastructure 320100202 | - | ₹317621 | ₹317621 | ₹313629 | - | ₹3992 |
| Health Grant – Convertion Of PHCs To Wellness Centres 320100204 | - | ₹176175 | ₹176175 | ₹172338 | - | ₹3837 |
| Govt Agencies 320300199 | ₹42600 | ₹9580 | ₹52180 | ₹9580 | - | ₹42600 |
| ലൈഫ് സ്റ്റേറ്റ് ഷെയർ 320100160 | ₹955000 | ₹1200000 | ₹2155000 | ₹1575000 | - | ₹580000 |
| Literacy Grant 320100197 | ₹9565 | ₹261 | ₹9826 | - | - | ₹9826 |
| Block Panchayat Share 320700204 | ₹235500 | - | ₹235500 | - | - | ₹235500 |
| District Panchayat Share 320700105 | ₹237563 | - | ₹237563 | - | - | ₹237563 |

*കുറിപ്പ്:

- വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹3249923 ഉൾപ്പെടുന്നുണ്ട്.
- വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹419926 ഉൾപ്പെടുന്നുണ്ട്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 231 | ₹14,98,27,487 | ₹7,57,63,570 | 126 | 46 | 59 | 54.55% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | ₹258 | ₹9,10,612 | ₹9,10,870 | ₹9,08,260 | ₹2,610 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | ₹2,71,02,388 | ₹2,71,02,388 | ₹2,71,02,388 | - |
| ആകെ | ₹258 | ₹2,80,13,000 | ₹2,80,13,258 | ₹2,80,10,648 | ₹2,610 |

## 1-7 ക്ഷേമ പദ്ധതികൾ

ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് ഓഡിറ്റിനായി ലഭ്യമാക്കിയിട്ടുള്ള 2022-23 വാർഷിക ധനകാര്യപത്രികയിൽ സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സംബന്ധിച്ച വരവ് ചെലവു കണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.08.2023 തീയതിയിൽ 2.30 Pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,124/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. പൊതു ടാപ്പുകളുടേയും, തെരുവ് വിളക്കുകളുടേയും കൃത്യമായ കണക്ക് വിവരം പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയത് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. ദുരിതാശ്വാസനിധി. പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും. ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കേണ്ടതുമാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.08.2021 | 01.10.2020 മുതൽ 31.07.2021 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.10.2018 മുതൽ 16.10.2018 വരെ | 2013-14 മുതൽ 2017-18 വരെ | 01.12.2018 |

## 1-11 തനത് വരുമാനം - അവലോകനം

എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ മുളന്തുരുത്തി ബ്ലോക്കിൽ ആകെ 20 വാർഡുകളിലായി വ്യാപിച്ച് സ്ഥിതി ചെയ്യുന്ന ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന് വിവിധ ബാങ്ക് അക്കൗണ്ടുകളിലായി മെച്ചപ്പെട്ട തനത് വരുമാനം നിലവിലുണ്ട്. നികുതി, ഫീസ്, ലേലത്തുക തുടങ്ങി നികുതി - നികുതി ഇതര വരവുകൾ മെച്ചപെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
1) വസ്തുനികുതി ഇനത്തിൽ മെച്ചപ്പെട്ട വരുമാനം പഞ്ചായത്തിനുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് പ്രകാരം തൻവർഷം 838594 രൂപയും കുടിശ്ശിക ഇനത്തിൽ 1185766 രൂപയും പഞ്ചായത്തിന് ലഭിക്കാനുണ്ട്. വസ്തുനികുതി യഥാസമയം പിരിച്ച് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
2)കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ ഗ്രാമപഞ്ചായത്തിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള ( രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. ധാരാളം വാണിജ്യ കെട്ടിടങ്ങൾ സ്ഥിതി

ചെയ്യുന്ന ഉദയംപേരൂർ ഗ്രാമപഞ്ചായത്തിൽ ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധ നൽകാവുന്നതാണ്.
3) പഞ്ചായത്തിൽ 5 മീറ്ററിൽ കൂടുതൽ വീതി ഉള്ള റോഡുകൾ വ്യത്യസ്ത വീതിയിൽ ഒന്നിലധികം തവണ സഞ്ചയ ഡാറ്റയിൽ ചേർത്തിട്ടുണ്ട്. 5 മീറ്ററിൽ കൂടുതൽ വീതി ഉള്ള മേൽ റോഡുകൾ 5 മീറ്ററിൽ താഴെ ആയി കണക്കാക്കി വസ്തുനികുതി നിർണ്ണയിക്കുമ്പോൾ പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നുണ്ട്. അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
4) 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

5)ഓഫീസ് കെട്ടിടങ്ങൾ, കമ്മ്യൂണിറ്റി ഹാൾ, വാടക കെട്ടിടങ്ങൾ എന്നിവ ഉൾപ്പെടുന്ന കെട്ടിട ആസ്തികൾ പഞ്ചായത്തിന് സ്വന്തമായിട്ടുണ്ട്. എങ്കിലും തെക്കൻപറവൂർ മാർക്കറ്റിലെ കടമുറികൾ തൻവർഷം വാടകകക്ക് നൽകിയിട്ടില്ല. തനത് ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി പ്രധാന സ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവ കൂടുതൽ കര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിലൂടെ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും.
തനത് വരുമാനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയ്ക്ക് ഊർജ്ജിതപ്പെടുത്താവുന്നതാണ്. ആയവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ചചെയ്യുകയും ചട്ടങ്ങൾക്ക് വിധേയമായി നൂതന ആശയങ്ങൾ നടപ്പിലാക്കാവുന്നതുമാണ്.

### 1-12 വാണിജ്യകെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമം നൽകി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നു

താഴെ ചേർത്ത കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം സഞ്ചയ പ്രകാരം 100 ച.മീറ്ററിന് മുകളിലാണ്. എന്നാൽ സഞ്ചയയിൽ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഉപയോഗക്രമമാണ് ഇവക്ക് നൽകിയിരിക്കുന്നത്. ഈ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 50 രൂപ/ച.മീറ്ററും, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 60 രൂപ/ച.മീറ്ററുമാണ് വസ്തുനികുതി നിരക്കായി ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ ഈ കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമം നൽകിയത് മുഖേന താഴെ ചേർത്ത പ്രകാരം വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് ഉണ്ടായിട്ടുണ്ട്.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | 50 രൂപ/ച.മീറ്റർ പ്രകാരം ഈടാക്കിയ വസ്തുനികുതി | 60 രൂപ/ ച.മീറ്റർ പ്രകാരം ഈടാക്കേണ്ട വസ്തുനികുതി | പ്രതി വർഷം വസ്തുനികുതി കുറവ് | വസ്തുനികുതി നിർണ്ണയിച്ച വർഷം | 2022 രണ്ടാം അർദ്ധ വർഷം വരെ കുറവ് |
|---|---|---|---|---|---|---|---|---|
| 1 | 3/137/A | രാധാമണി, മാത്തംവെളി, ഉദയംപേരൂർ | 102.55 | 5127.5+ 1025.5 (വഴി സൌകര്യം 20% വർദ്ധനവ് ) = 6153/- | 6153 + 1230.6 = 7384/- | 1231/- | 2018-19 രണ്ടാം അർദ്ധ വർഷം | 5540/- |
| 2 | 5/289/C | ജോസ്, കോട്ടൂർ | 609 | 30450 + 6090 (വഴി സൗകര്യം 20% വർദ്ധനവ് ) + 4567.5 (തറ നിർമ്മിതി 15% വർദ്ധനവ് ) = 41108 /- | 36540 + 7308 + 5481 = 49329/- | 8221/- | 2017 രണ്ടാം അർദ്ധവർഷം | 49326/- |
| ആകെ വസ്തുനികുതി കുറവ് | | | | | | 9452/- | | 54866/- |

തെറ്റായ ഉപയോഗ ക്രമം നൽകി വസ്തുനികുതി കുറവായി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (2/15-8-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. മേൽ കെട്ടിടങ്ങൾക്ക് ശരിയായ ഉപയോഗക്രമം നൽകി വസ്തുനികുതി ശരിയായിനിർണ്ണയിച്ച് കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

### 1-13 ഒരേ റോഡ് വ്യത്യസ്ത വീതിയിൽ സഞ്ചയയിൽ ചേർത്തു - വഴി സൗകര്യം ഇനത്തിൽ വസ്തുനികുതി വർദ്ധനവ് നൽകിയില്ല.

കെ.രാജു, എ 7/23സെക്ടർ സെവന്റീൻ, രോഹിണി, ഡൽഹി, നോർത്ത് വെസ്റ്റ് ഡൽഹി എന്നയാളുടെ 2/214/A, 2/214/B കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ളവ, 200 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണം

ഉള്ള സൂപ്പർമാർക്കറ്റ് എന്ന ഉപയോഗക്രമം നൽകി 2021 ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. ഈ കെട്ടിടങ്ങളുടെ പ്ലാൻ, ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനിയറുടെ 9-11-2020 ലെ റിപ്പോർട്ട് എന്നിവ പ്രകാരം കെട്ടിടങ്ങൾക്ക് 5 മീറ്ററിൽ കൂടുതൽ വീതി ഉള്ള എം.എൽ.എ റോഡിൽ നിന്നും പ്രവേശനമുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 പട്ടിക 2 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉള്ള കെട്ടിടങ്ങൾക്ക് കെട്ടിടത്തിലേക്കുള്ള വഴിസൌകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാനവസ്തുനികുതിയിൽ 20% വർദ്ധനവ് ചെയ്യേണ്ടതാണ്. എന്നാൽ മേൽ കെട്ടിടങ്ങൾക്ക് ഈ വർദ്ധനവ് നൽകിയിട്ടില്ല. പഞ്ചായത്തിൽ എം.എൽ.എ റോഡ് എന്ന പേരിൽ ആകെ ഒരു റോഡ് മാത്രമാണ് ഉള്ളതെങ്കിലും ഈ പേരിൽ 5 മീറ്ററിൽ കൂടുതലും 5 മീറ്ററിൽ കുറവും ഉള്ള വ്യത്യസ്ത റോഡുകൾ പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റയിൽ ഉണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ എം.എൽ.എ റോഡ് എന്ന് സഞ്ചയയിൽ സെലക്ട് ചെയ്തിട്ടുണ്ടെങ്കിലും ടി റോഡിന് 1.5 മീറ്ററിൽ കൂടുതൽ വീതി ഉള്ള റോഡ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വഴി സൗകര്യം ഇനത്തിൽ വർദ്ധനവ് നൽകാത്തതിനാൽ താഴെ ചേർത്ത പ്രകാരം വസ്തു നികുതിയിൽ കുറവുണ്ടായിട്ടുണ്ട്.

| കെട്ടിടനമ്പർ | തറവിസ്തീർണ്ണം (ച.മീ) | വസ്തുനികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|
| 2/214/A | 107.64 | 8611.2 - 861.12 (മേഖല 10% ഇളവ്) = 7751 | 8611.2 - 861.12 (മേഖല 10% ഇളവ്) + 1722.24(വഴി സൌകര്യം 20% വർദ്ധനവ്) = 9473/- | 1722/- |
| 2/214/B | 133.16 | 10652.8 - 1065.28 (മേഖല 10% ഇളവ്) - 479.4 (ബഹുനില വാണിജ്യാവശ്യം 5% ഇളവ്) = 9109 | 10652.8 - 1065.28(മേഖല 10% ഇളവ്) + 2130.56(വഴി സൌകര്യം 20% വർദ്ധനവ്) - 585.904(ബഹുനില വാണിജ്യാവശ്യം 5% ഇളവ്) = 11133/- | 2024 |
| ആകെ | | | | 3746/- |

പ്രതിവർഷം 3746 രൂപയുടേയും 2022 രണ്ടാം അർദ്ധവർഷം വരെ 7492 രൂപയുടേയും വസ്തുനികുതി നഷ്ടം മേൽ കെട്ടിടങ്ങളിൽ നിന്ന് ഉണ്ടായിട്ടുണ്ട്. ഒരു പേരിൽ വ്യത്യസ്ത വീതി ഉള്ള റോഡുകൾ സഞ്ചയയിൽ ചേർത്ത് വസ്തുനികുതി നിർണ്ണയിക്കുന്നതിനും, വസ്തുനികുതി കുറവായി നിർണ്ണയിച്ചതിനും വിശദീകരണം നൽകേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (18/17-8-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. സമാനമായി 5 മീറ്ററിൽ കൂടുതൽ വീതി ഉള്ള വൈക്കം – തൃപ്പൂണിത്തുറ റോഡും വ്യത്യസ്ത വീതിയിൽ സഞ്ചയയിൽ ചേർത്തിട്ടുണ്ട്. പഞ്ചായത്തിലെ ഒരേ റോഡ് വ്യത്യസ്ത വീതിയിൽ ഒന്നിലധികം തവണ സഞ്ചയ ഡാറ്റയിൽ ചേർത്തത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി, അപാകത പരിഹരിച്ച് മേൽ സൂചിപ്പിച്ച കെട്ടിടത്തിൽ നിന്നും കുറവ് വന്ന വസ്തുനികുതി തുക കുടിശ്ശിക സഹിതം ഈടാക്കി വസ്തുനികുതി ശരിയായി നിർണ്ണയിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-14 പ്രധാനപ്പെട്ട റോഡിൽ നിന്ന് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കാതെ ഓഡിറ്റോറിയത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചു.

പ്രസിഡന്റ് എൻ.എസ്.എസ്. പടിഞ്ഞാറെ കരയോഗം, നടക്കാവ്, ഉദയംപേരൂർ എന്നയാളുടെ 17/485/A നമ്പർ കെട്ടിടത്തിന് ഓഡിറ്റോറിയം എന്ന ഉപയോഗക്രമം നൽകി 2021 ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നുണ്ട്. കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 421.85 ച.മീറ്ററും പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിന്റെ വിസ്തീർണ്ണം 10330 ച.മീറ്ററും ആണ്. പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ മുമ്പിലും വശത്തും 5 മീറ്ററിൽ താഴെ വീതി ഉള്ള പഞ്ചായത്ത് റോഡും 5 മീറ്ററിൽ കൂടുതൽ വീതിയുള്ള എം.എൽ.എ റോഡും ഉണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 ൽ പട്ടിക 2 - കുറിപ്പ് 1 പ്രകാരം ഒരു കെട്ടിടത്തിന്റെ മുമ്പിലും വശത്തുമായി രണ്ട് തരം റോഡുകളുണ്ടായിരിക്കുകയും അവയിൽ ഒരു റോഡിൽ നിന്ന് മാത്രം കെട്ടിടത്തിലേക്ക് പ്രവേശന മാർഗ്ഗം ഏർപ്പെടുത്തിയിരിക്കുകയും ചെയ്തിരിക്കുന്ന സംഗതിയിൽ അവയിൽ പ്രധാനപ്പെട്ട റോഡിൽ നിന്ന് കെട്ടിടത്തിലേക്ക് വഴിസൌകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ്. എന്നാൽ 5 മീറ്ററിൽ കൂടുതൽ വീതി ഉള്ള എം.എൽ.എ റോഡിന്റെ വശത്ത് സ്ഥിതി ചെയ്യുന്ന മേൽ കെട്ടിടത്തിന് ഈ റോഡിൽ നിന്ന് വഴിസൌകര്യം ഉള്ളതായി കണക്കാക്കാതെ 5 മീറ്ററിൽ താഴെ വീതി ഉള്ള വെട്ടിക്കാപ്പിള്ളി റോഡിൽ നിന്നും പ്രവേശനമുള്ളതായി കണക്കാക്കി മേൽ ചട്ട പ്രകാരം വഴിസൌകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാനവസ്തുനികുതിയിൽ 20% വർദ്ധനവ് ചെയ്യാതെ ആണ് വസ്തുനികുതി നിർണ്ണയിച്ചത്. ആയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| തറവിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച് ഈടാക്കുന്ന വസ്തുനികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|
| 421.85 | 16874 - 1687.4 (മേൽക്കൂര 10% ഇളവ്) + 2531.1 (തറനിർമ്മിതി 15% വർദ്ധനവ്) = 17718/- | 16874 - 1687.4 (മേൽക്കൂര 10% ഇളവ്) + 2531.1 (തറനിർമ്മിതി 15% വർദ്ധനവ്) + 3374.8 = 21093/- | 3375/- |

പ്രതിവർഷം 3375 രൂപയുടേയും 2022 രണ്ടാം അർദ്ധവർഷം വരെ 6750 രൂപയുടേയും വസ്തുനികുതി കുറവുണ്ടായിട്ടുണ്ട്. അപാകത സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (28/19-8-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. മേൽ കെട്ടിടത്തിന്റെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-15 ടെലികോം കമ്പനികൾ സ്ഥാപിച്ചിരിക്കുന്ന ജി. ഐ. പോളുകളുടെ വാർഷിക വാടക (2022-23 വർഷത്തെ പോൾ റെന്റ് ) ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ടെലികോം കമ്പനികൾ സ്ഥാപിച്ചിരിക്കുന്ന ജി. ഐ. പോളുകളുടെ വാർഷിക വാടക (2022-23 വർഷത്തെ പോൾ റെന്റ് ) ഈടാക്കിയിട്ടില്ല.
ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.12.2021 ലെ അനുമതിയുടെ അടിസ്ഥാനത്തിൽ, ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള റോഡുകളിൽ ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 447 പോളുകളും ടെലിസോണിക് നെറ്റ് വർക്ക് ലിമിറ്റഡ് എന്ന സ്ഥാപനം 245 പോളുകളും സ്ഥാപിച്ചിട്ടുണ്ട്. സെക്രട്ടറിയുടെ 20.02.2022 ലെ എ5/7133/21 നമ്പർ ഓഫീസ് ഉത്തരവ്, 21.01.2022 ലെ എ5/7133/21 നമ്പർ കത്ത് എന്നിവ പ്രകാരം സർക്കാർ ഉത്തരവ് (Rt) നമ്പർ 89/2020/PWD Dt. 23.01.2020 ലെ നിബന്ധനകൾ ബാധകമാക്കിയാണ് പോളുകൾ സ്ഥാപിക്കാൻ അനുമതി നൽകിയിരിക്കുന്നത്. ടി സർക്കാർ ഉത്തരവ് പ്രകാരം പോളുകൾക്ക് വർഷംതോറും 5% വർദ്ധനവിൽ താഴെ ചേർക്കും പ്രകാരം വാടക ലഭ്യമാകേണ്ടതാണ്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം. 2-1-1 , 2-1-2 എന്നിവയിൽ ഇതു സംബന്ധിച്ച വിശദമായ പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്. 2022-23 ൽ ലഭിക്കേണ്ട വാർഷിക വാടക വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | പോൾ റെന്റ് | | | GST 18 % | ആകെ |
|---|---|---|---|---|---|---|
| | | 2021-22 ലെ തുക | വാർഷിക വർദ്ധനവ് 5% | ആകെ ഈടാക്കേണ്ടത് | | |
| 1. | ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് | 447x360 = 160920 | 8046 | 168966 | 30414 | ₹199380 |
| 2. | II. ടെലിസോണിക് നെറ്റ് വർക്ക് ലിമിറ്റഡ് | 245x360 = 88200 | 4410 | 92610 | 16670 | ₹109280 |
| ആകെ | | | | | | ₹3,08,660/- |

മേൽ പ്രകാരം വാടക ഡിമാൻറ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം. 25/ 19.08.23) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. മേൽ തുക മേൽ സൂചിപ്പിച്ചവരിൽ നിന്ന് ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിശദവിവരം ഭാഗം 2 ൽ (ഖ. 2-1) ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-16 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

ഉദയംപേരൂർ ഗ്രാമ പഞ്ചായത്തിൽ 2022-2023 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയത് സംബന്ധിച്ച് അപാകതകൾ താഴെ ചേർക്കുന്നു.
1) താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷം തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽനികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രണ്ടാം അർദ്ധവർഷം ആയത് ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനം സമർപ്പിച്ച തൊഴിൽനികുതി റിട്ടേൺ , തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ എന്നിവ ലഭ്യമായില്ല. ഇവ ലഭ്യമാക്കണമെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (30/19-8-2023) നൽകിയിരുന്നെങ്കിലും ആയത് ലഭ്യമായില്ല. രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്, ഈടാക്കിയിട്ടില്ലെങ്കിൽ ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നമ്പർ | തൊഴിൽ നികുതി രജിസ്റ്ററിലെ പേജ് നമ്പർ | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം ഈടാക്കിയ തൊഴിൽ നികുതി | രസീത് നമ്പർ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 4 | 9 | YOKOHAMA INDIA PVT LTD. | 6,250/- | 1220204664/ 27-9-2022 |
| 2 | 21 | 35 | ട്രാവൻകൂർ ദേവസ്വം ബോർഡ് | 12,500/- | 1220203483/ 28-9-2022 |
| 3 | 35 | 61 | ഗവ.ജെ.ബി.എസ് ഉദയംപേരൂർ | 7,250/- | 1220202744/ 31-8-2022 |

2) പാരാമെഡിക്കൽ ലൈസൻസ് പുതുക്കിയ താഴെ ചേർത്ത പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നം | പാരാമെഡിക്കൽ രജിസ്ട്രേഷൻ നമ്പർ | സ്ഥാപനത്തിന്റെ പേര് | പാരാമെഡിക്കൽ ലൈസൻസ് അപേക്ഷയിൽ/രജിസ്റ്ററിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 1 | സെന്റ് ജോൺസ് ക്ലിനിക്കൽ ലബോറട്ടറി | മറ്റ് ജീവനക്കാർ = 2 |
| 2 | 2 | എണ്ണയ്ക്കാത്തറ ആയുർവേദ ഹോസ്പിറ്റൽ | ആകെ ജീവനക്കാർ = 4 |
| 3 | 3 | ഹെൽത്ത് ലാബ് | മറ്റ് ജീവനക്കാർ = 2 |
| 4 | 5 | ടീത്ത് & സ്മൈൽസ് ഡെന്റൽ ക്ലിനിക്ക് | ആകെ ജീവനക്കാർ = 2 |
| 5 | 7 | സെന്റ് ജോൺസ് ഹോസ്പിറ്റൽ സൌത്ത് പറവൂർ | ആകെ ജീവനക്കാർ = 3 |
| 6 | 8 | എണ്ണയ്ക്കാത്തറ ആയുർവേദ വൈദ്യാശ്രമം | ആകെ ജീവനക്കാർ = 1 |
| 7 | 9 | പരുത്തിത്തറ മെഡിക്കൽ ഡയഗ്നോസ്റ്റിക് ലബോറട്ടറി | രേഖപ്പെടുത്തിയിട്ടില്ല. |
| 8 | 12 | സ്മൃതി ആയുർവേദ | ആകെ ജീവനക്കാർ = 1 |
| 9 | 14 | മെഡ്കെയർ ഡയഗ്നോസ്റ്റിക് സെന്റർ, പുത്തൻകാവ് | ആകെ ജീവനക്കാർ = 1 |
| 10 | 16 | ഡോ.അനൂജ് & ഡോ.ചാന്ദ്നീസ് ഇ.എൻ.ടി ഡെന്റൽ ക്ലിനിക്ക് | ഡോക്ടർ = 2<br>മറ്റ് ജീവനക്കാർ = 2 |
| 11 | 17 | ഹോമിയോപ്പതിക് മെഡിക്കൽ ക്ലിനിക്ക് | ആകെ ജീവനക്കാർ = 1 |
| 12 | 18 | Our Family Clinic | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 5 |
| 13 | 19 | സ്പെക്ട്രം ഹെൽത്ത് കെയർ | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 3 |
| 14 | 21 | മൈക്രോ ബയോളജിക്കൽ ലാബ് പൂത്തോട്ട | ആകെ ജീവനക്കാർ = 2 |
| 15 | 25 | ഡോ.അമൽ'സ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 1 |
| 16 | 27 | കേരള ആയുർസിദ്ധി | ഡോക്ടർ = 2<br>മറ്റ് ജീവനക്കാർ = 5 |
| 17 | 28 | നിർമ്മലം ആയുർവേദിക്, ചക്കുളം ,സൌത്ത് പറവൂർ | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 1 |
| 18 | 29 | വേഗ ക്ലിനിക്ക് | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 1 |

3) F.T.EO.S ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് രജിസ്റ്ററിൽ ക്രമ നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|
| 1 | ശബരി ഡിസ്ട്രിബ്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ് | 55 | 6/241/A |
| 2 | കൺസോളിഡേറ്റഡ് തെർമോ പ്ലാസ്റ്റിക് പ്രൊഡക്ട്സ് | 70 | 17/314 |
| 3 | ആയില്യം പ്രിന്റേഴ്സ് | 73 | 16/541 |
| 4 | കരിശിങ്കൽ ഫ്ലോറിംഗ് & സാനിറ്ററീസ് | 99 | 15/205/A |
| 5 | ജി.ഐ. ഇന്ത്യ ഓട്ടോമേഷൻ & ലിമിറ്റഡ് പ്രൈവറ്റ് സിസ്റ്റം ലിമിറ്റഡ് | 362 | 4/215/D |
| 6 | ഫാൻസി ഗ്രാനൈറ്റ്സ് & സിറാമിക്സ് | 411 | 17/220/C |
| 7 | എൻ.ടി.എൽ ട്രേഡ് ലിങ്ക്സ് ഉദയംപേരൂർ | 485 | 17/262 |
| 8 | വിമല മെറ്റൽസ് ഉദയംപേരൂർ | 493 | 17/263 |
| 9 | സ്റ്റീൽ ഇന്ത്യ കോർപറേഷൻ പൂത്തോട്ട | 497 | 9/29/B |
| 10 | ബി.ആർ.എസ് ഓട്ടോസ് ഉദയംപേരൂർ | 718 | 2/378/B |
| 11 | സപ്ലൈകോ സൂപ്പർമാർക്കറ്റ് വലിയകുളം | 529 | 6/79 |
| 12 | കേരള ആയുർ സിദ്ധി ആശുപത്രി | 776 | 15/604/A |
| 13 | പാലക്കൽ ഹോമിയോപ്പതിക് സ്പെഷ്യാലിറ്റി ക്ലിനിക്ക് | 655 | 13/339 |
| 14 | സ്മിത പ്രിന്റേഴ്സ്, തെക്കൻ പറവൂർ | 528 | 11/397 |

4) 2022-2023 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.
5) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആധാരം എഴുത്ത് സ്ഥാപനങ്ങൾ, കമ്പ്യൂട്ടർ സെന്ററുകൾ മുതലായവയിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

മേൽ ചേർത്തവരിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/19-08-2023) മറുപടി ലഭ്യമായില്ല. ഇവരിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-17 മുൻകൂർ പണം അടവാക്കിയിട്ടും മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല.

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറി, പി.എച്ച്.സി. എന്നീ സ്ഥാപനങ്ങളിലേക്ക് മരുന്ന ലഭ്യമാക്കുന്നതിനായി മുൻകൂർ പണം അടവാക്കുന്നുണ്ടെങ്കിലും യഥാസമയം തന്നെ പൂർണ്ണമായ അളവിൽ മരുന്നുകൾ ലഭ്യമാകുന്നില്ല. ഇത് പ്രസ്തുത സ്ഥാപനങ്ങളിലെ ഗുണഭോക്താക്കളായ രോഗികൾക്ക് ആവശ്യമുള്ളപ്പോൾ മരുന്ന് നൽകുന്നതിന് തടസ്സം നേരിടുന്നതിന് കാരണമാകുന്നു. ഓഡിറ്റ് വർഷത്തിൽ ഈ സ്ഥാപനങ്ങൾക്ക് ലഭിക്കുവാനുള്ള മരുന്നിന്റെ വിവരം താഴെ ചേർക്കുന്നു.

### 1-17-1 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | എസ്.0005/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>ഗവ.ഹോമിയോ ഡിസ്പെൻസറി, കണ്ടനാട്. |
| അടങ്കൽ | ₹ 2,00,000 |
| ചെലവ് വിവരം | ₹2,00,000 (TRN 221106000000004006 Dated 11/10/22) |

ഗ്രാമപഞ്ചായത്തിലെ ഗവ.ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ വിവരിച്ച പ്രകാരം രണ്ടു ലക്ഷം രൂപ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ M/s ഹോംകോയ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ₹1,53,578/-ന്റെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ₹46,422/-ന്റെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് | തുക | കിട്ടാൻ ബാക്കിയുള്ള മരുന്നിന്റെ വില |
|---|---|---|---|
| 1 | LF-346/ 22/06/23 | ₹72334 | |

| | | | |
|---|---|---|---|
| 2 | LF-953 / 10/08/23 | ₹81244 | |
| ആകെ | | ₹153578 | ₹46422 |

ഇനിയും ലഭിക്കുവാനുള്ള മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും മരുന്ന് നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്തത് ഗുണഭോക്താക്കൾക്ക് ചികിത്സ നൽകുന്നതിന് തടസ്സം നേരിടുന്നുണ്ടോ എന്ന വിവരവും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/15.8.2023) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ₹46,422/-ന്റെ മരുന്ന് ലഭ്യമാക്കി രേഖകൾ ലഭ്യമാക്കുന്നതിന് വിധേയമായി ₹46,422/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-17-2 പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അലോപ്പതി മരുന്ന് വാങ്ങൽ (എസ്.0006/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി. |
| അടങ്കൽ | ₹2,38,626 (മെയിന്റനസ്ഗ്രാന്റ്-(നോൺ റോഡ്) |
| ചെലവ് | ₹2,38,626 (മെയിന്റനസ് ഗ്രാന്റ്-(നോൺറോഡ്)<br>(BRN 22110652014000583822 Dated 28/09/2022) |

ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങാൻ കേരള മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷന് പ്രൊഫോർമ ഇൻവോയ്സിന്റെ (PRF-788/26.7.2022 : ₹164208, PRF-840/1.8.2022: ₹74418) അടിസ്ഥാനത്തിൽ ₹2,38,626/- നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭിച്ചില്ല. മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും മരുന്ന് നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്തത് ഗുണഭോക്താക്കൾക്ക് ചികിൽസ നൽകുന്നതിന് തടസ്സം നേരിടുന്നുണ്ടോ എന്ന വിവരവും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/17.8.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് മരുന്ന് ലഭ്യമാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് വിധേയമായി ₹2,38,626/- ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-18 ഇ.ടെണ്ടർ ഫീസിനത്തിൽ വരവ് വന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് യഥാസമയം അടാവാക്കുന്നില്ല – പലിശ നഷ്ടം

മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുകകൾ സ്വീകരിക്കുന്നതിനായി ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിച്ചിട്ടുള്ള കറണ്ട് അക്കൗണ്ടിൽ (നം. 38898339335) 12.03.2023ൽ ₹3,75,802/- നീക്കിയിരിപ്പുണ്ട്. ഈ തുക 2022-23 വർഷാവസാനത്തിലും പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറിനൽകിയിട്ടില്ല. കറണ്ട് അക്കൗണ്ടിലെ തുകയ്ക്ക് പലിശ ലഭിക്കാത്തതിനാൽ പ്രസ്തുത തുക തനത് ഫണ്ട് സൂക്ഷിക്കുന്ന സേവിങ്ങ് ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി നൽകാത്തതിനാൽ ലഭിക്കുമായിരുന്ന പലിശയും നഷ്ടമാകുന്ന അവസ്ഥ ഉണ്ടാകുന്നു.

ഇത് സംബന്ധിച്ച് 05/15.-8.2023-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് ബ്ലോക്ക് പഞ്ചായത്തിലേക്ക് അടവാക്കേണ്ട ₹38,870/- കുറച്ച് ₹3,36,932/- 21.08.2023ൽ 1230202397 നമ്പർ രസീത് പ്രകാരം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്.

ഓരോ ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിക്കുമ്പോഴും ലഭിക്കുന്ന ടെണ്ടർ ഫീ തുക ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതാണ്.

### 1-19 റിഡംപ്ഷൻ തുക – 4.73 ലക്ഷം രൂപ തിരികെ ലഭിച്ചിട്ടില്ല.

ബാലൻസ് ഷീറ്റിലെ ബി.15 ഷെഡ്യൂൾ പ്രകാരം Receivable Redemption (431500199) എന്ന ഹെഡിൽ ₹1,23,80,836/- ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുവാനുള്ളതായി കാണുന്നുണ്ട്.

| തീയതി | തുക | റിഡംപ്ഷൻ നടത്തിയ അക്കൗണ്ട് | ഉത്തരവ് നം. |
|---|---|---|---|
| 31.03.2023 | ₹10,00,000 | 79901300001146<br>തനത് ഫണ്ട് അക്കൗണ്ട് | TRY/1458/2023-F.2/30.03.2023 Of Director Treasuries Thiruvananthapuram. |
| 31.03.2023 | ₹1,09,07,773 | | TRY/1458/2023-F.2/30.03.2023 Of Director Treasuries Thiruvananthapuram. |
| 20.03.2023 | ₹4,73,063 | 79901400001029<br>ജോയിന്റ് വെഞ്ചർ അക്കൗണ്ട് | TRY/1140/2023-F.2/20.03.2023 Of Director Treasuries Thiruvananthapuram. |
| ആകെ | ₹1,23,80,836 | | |

ഇതിൽ ₹1,19,07,773 ട്രഷറി തനത് ഫണ്ട് അക്കൗണ്ടിൽ ( നം. 79901300001146) 2023 ഏപ്രിൽ മാസത്തിൽ ട്രഷറി തനത് ഫണ്ട് അക്കൗണ്ടിലേക്ക് തിരികെ ലഭിച്ചിട്ടുണ്ട്. എന്നാൽ ₹4,73,063 ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ബാലൻസ് ഷീറ്റിലെ ബി.4 ഷെഡ്യൂൾ പ്രകാരം ₹235500 ബ്ലോക്ക് ഷെയറും ₹237563 ജില്ലാ പഞ്ചായത്ത് ഷെയറും ഉൾപ്പെടെ ബാദ്ധ്യത രേഖപ്പെടുത്തിയിട്ടുള്ള തുകയുമാണിത്.

ഈ തുക തിരികെ ലഭിക്കുന്നതിന് പഞ്ചായത്ത് നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/16.8.2023) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടിയെ കുറിച്ച് ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. സാധാരണയായി റിഡംപ്ഷൻ തുക ഏപ്രിൽ മാസത്തിൽ തന്നെ തിരികെ ലഭിക്കേണ്ടതാണ്. ഓഡിറ്റ് തീയതിയിലും ആയത് തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ലാ എന്നത് അംഗീകരിക്കാവുന്നതല്ല. എത്രയും വേഗത്തിൽ ₹4,73,063/- തിരിച്ച് കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയോട് ശുപാർശ ചെയ്യുന്നു.

1-20 സ്ട്രീറ്റ് ടാപ്പ് വെള്ളക്കരം - സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല- മറ്റ് അപാകതകൾ.

ഓഡിറ്റ് വർഷത്തിൽ സ്ട്രീറ്റ് ടാപ്പിന്റെ വെള്ളക്കരം ഇനത്തിൽ ₹34,48,103 താഴെ ചേർക്കും പ്രകാരം ഗ്രാമപഞ്ചായത്ത് ജലഅതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്.

| വൌച്ചർ നം. | തീയതി | തുക | ഫണ്ടിനം |
|---|---|---|---|
| 22200032 | 22.4.22 | ₹207886 | തനത് ഫണ്ട് |
| 22200134 | 19.5.22 | ₹207886 | |
| 22200215 | 15.6.22 | ₹207886 | |
| 22200335 | 15.7.22 | ₹214053 | |
| 22200419 | 6.8.22 | ₹207886 | |
| 22200534 | 16.9.22 | ₹207886 | |
| 22200628 | 14.10.22 | ₹207886 | |
| 22200772 | 30.11.22 | ₹207886 | കേന്ദ്ര ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ( പ്രോജക്റ്റ് നം. എസ്. 0041/23) |
| 22200829 | 20.12.22 | ₹222356 | |
| 22200935 | 23.1.23 | ₹222356 | |
| 22200949 | 30.1.23 | ₹1334136 | |
| ആകെ | | ₹3448103 | |

ജലഅതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്തിൽ ആകെ 461 സ്ട്രീറ്റ് ടാപ്പുകളാണ് ഉള്ളത്. 2022 ഡിസംബർ വരെ ടാപ്പൊന്നിന് പ്രതിവർഷം ₹5788.13 നിരക്കിലും 2023 ജനവരി മുതൽ ടാപ്പൊന്നിന് പ്രതിവർഷം ₹14559.12നിരക്കിലുമാണ് വെള്ളക്കരം ഈടാക്കിയിട്ടുള്ളത്. ജനവരി മുതൽ ടാപ്പൊന്നിന് 151 % വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. വെള്ളക്കരം അടവാക്കുന്നതുമായി ബന്ധപ്പെട്ട് കാണുന്ന അപാകതകൾ താഴെ ചേർക്കുന്നു.

- ഗ്രാമപഞ്ചായത്തിൽ 461 സ്ട്രീറ്റ് ടാപ്പുകൾ ഉള്ളതായി ജലഅതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസിലല്ലാതെ ഗ്രാമപഞ്ചായത്തിൽ വാർഡ് തിരിച്ചുള്ള സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത്രയും പൊതു ടാപ്പുകൾ ഉണ്ടോ എന്ന് ഉറപ്പുവരുത്താതെയും ഉള്ളവയെല്ലാം പ്രവർത്തന ക്ഷമമാണെന്നും ജനം ഉപയോഗപ്പെടുത്തുന്നുണ്ടെന്നും ഉറപ്പാക്കാതെയുമാണ് പഞ്ചായത്ത് വെള്ളക്കരം നൽകിക്കൊണ്ടിരിക്കുന്നത്.
- നിലവിലുള്ള 461 ടാപ്പുകളിൽ എല്ലാം പ്രവർത്തന ക്ഷമമാണോ എന്നും പ്രവർത്തന ക്ഷമമല്ലാത്തവ ഉണ്ടെങ്കിൽ ആയവ ഏതെല്ലാമെന്നും ജല അതോറിറ്റി അധികാരികളുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ഉറപ്പാക്കിയിട്ടില്ല.
- പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾ ഉണ്ടോ എന്ന് ഗ്രാമപഞ്ചായത്ത് സ്വയമേവ പരിശോധന നടത്തി ആയവ വിച്ഛേദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29/19.8.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ജല അതോറിറ്റി അധികാരികളുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി പ്രവർത്തന ക്ഷമ മല്ലാത്തവയും ആവശ്യമില്ലാത്തവയുമായ പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനും വെള്ളക്കരം ഇനത്തിൽ ഉണ്ടാകുന്ന ഭീമമായ ആവർത്തന ചെലവ് കുറക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻഗണന നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും ശുപാർശ ചെയ്യുന്നു.

## 1-21 കുടുബശ്രീക്ക് നൽകിയ അഡ്വാൻസ് തുക 4 ലക്ഷം രൂപ തിരികെ ലഭിച്ചിട്ടില്ല.

| ക്രമ നം | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 22200138 | 20.5.22 | ₹40000 |
| 2 | 22200638 | 14.10.22 | ₹360000 |
| ആകെ | | | ₹400000 |

ആശ്രയ ഭക്ഷ്യക്കിറ്റ് ഫണ്ട് നിലവിലില്ലാതിരുന്നതിനാൽ 06.05.2022 ലെ 3/2 -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ചലഞ്ച് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടണം എന്ന വ്യവസ്ഥയിൽ മുൻകൂറായി കുടബശ്രീക്ക് കൈമാറിയിട്ടുള്ള തുകയാണിത്.

നാല് ലക്ഷം രൂപ മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിലെ ബി.18 ഷെഡ്യൂളിൽ അഡ്വാൻസ് തുക ₹3,60,000/- മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കുടുംബശ്രീ കൈപ്പറ്റിയ തുക ഗ്രാമപഞ്ചായത്തിന് നടപ്പുവർഷത്തിൽ (2023-24) തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് മുൻകൂർ നൽകിയ തുക നാളിതുവരെ തനത് ഫണ്ടിലേക്ക് തിരികെ മുതൽ കൂട്ടിയിട്ടില്ല എന്നും ബാലൻസ് ഷീറ്റിൽ ₹40,000/- കൂടി ജേണൽ വൗച്ചർ പ്രകാരം ഉൾപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തനത് ഫണ്ടിൽ നിന്നും മുൻകൂറായി നൽകിയ നാല് ലക്ഷം രൂപ തിരികെ മുതൽ കൂട്ടുന്നതിന് വിധേയമായി ₹4,00,000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 തൊഴിലുറപ്പ് പദ്ധതി - ജി.എസ്.ടി. - ആദായനികുതി ഉറവിടത്തിൽ കുറവ് ചെയ്യുന്നില്ല.

ഉദയംപേരൂർ ഗ്രാമ പഞ്ചായത്തിൽ മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ നിർമ്മാണ പ്രവൃത്തികളിൽ മെറ്റീരിയൽ സപ്ലൈ ചെയ്തിട്ടുള്ള കരാറുകാർക്ക് തുക നൽകുമ്പോൾ നിയമാനുസൃത ജി.എസ്.ടി, ആദായ നികുതി എന്നിവ ഉറവിടത്തിൽ കുറവ് ചെയ്യാതെയാണ് തുക അനുവദിക്കുന്നത്. ഇൻകം ടാക്സ് ആക്റ്റിലെ സെക്ഷൻ 194(സി) പ്രകാരം ഒറ്റ തവണ ഒരു കോൺട്രാക്ടർക്ക് ₹30,000/-ൽ അധികം നല്കുമ്പോഴോ ഒരു സാമ്പത്തിക വർഷം നല്കുന്ന ആകെ തുക ₹1,00,000 കവിയുമ്പോഴോ ടിയാളിൽ നിന്നും 1% നിരക്കിൽ ആദായ നികുതി ഈടാക്കേണ്ടതാണ്. അതുപോലെ CGST Act, 2017 സെക്ഷൻ 51 പ്രകാരം, സപ്ലൈ ഓർഡർ നൽകിയ ₹2,50,000/- മേലുള്ള (ജി.എസ്.ടി ഒഴികെ) എല്ലാ വാങ്ങലുകൾക്കും 2% GST TDS ഈടാക്കി ബാക്കി തുക മാത്രമാണ് സപ്ലൈയർക്ക് നൽകേണ്ടത്.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും എം.ഐ.എസ്. മുഖേനയാണ് നടത്തുന്നതെങ്കിലും സോഫ്റ്റ്‌വെയറിൽ നിയമാനുസൃത നികുതികൾ കുറവ് ചെയ്യുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ സാധനസാമഗ്രികളുടെ വിതരണക്കാർ നികുതി തുക നേരിട്ട് പഞ്ചായത്തിൽ ഒടുക്കുന്നത് ഉറപ്പുവരുത്തി മാത്രം കരാർ തുക അനുവദിക്കുന്നതിന് ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ 30/07/2019 ലെ നം.957/ഇ.ജി.എസ്-സി/16/ആർ.ഇ.ജി.എസ് സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. ഇത് മൂലം കേന്ദ്ര – സംസ്ഥാന സർക്കാരുകൾക്ക് നികുതി നഷ്ടം ഉണ്ടാകുന്നു.

ജി.എസ്.ടി., ആദായ നികുതി എന്നിവ ഉറവിടത്തിൽ കുറവ് ചെയ്യാതിരിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമപ്രകാരം നികുതി ബാദ്ധ്യത ഉള്ള കരാറുകാരിൽ നിന്നും നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-23 ക്രമീകരിക്കപ്പെടാത്ത 1.54 കോടി രൂപയുടെ നിക്ഷേപ പ്രവൃത്തികൾ

വാർഷിക ധനകാര്യപത്രിക പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിക്കും വൈദ്യുത ബോർഡിനും നൽകിയിട്ടുള്ള മുൻകൂർ തുകയും അതിന്റെ വിനിയോഗവിവരവും താഴെ ചേർക്കുന്നു.

1. കേരള ജല അതോറിറ്റി

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 460500201 | ₹9,32,44,465 | ₹13,71,900<br>₹50,000(*)<br>₹14,21,900 | 0 | ₹1,06,96,365<br>₹50,000*<br>₹1,07,46,365 |
| (*) ബാലൻസ് ഷീറ്റിൽ ഈ തുക അഡ്വാൻസായി ഉൾപ്പെടുത്തിയിട്ടില്ല. | | | | |

നിക്ഷേപ പ്രവൃത്തികളുടെ വിശദവിവരം .

| വർഷം | പ്രവൃത്തി യുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| --- | വിവരങ്ങൾ ലഭ്യമല്ല | --- | ₹64,49,465 | - | ₹64,49,465 |
| 21-22 | കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (എസ്.0083/22) | 465/14.3.22<br>509/22.3.22 | ₹18,00,000<br>₹10,75,000 | - | ₹28,75,000 |
| | | ആകെ | ₹28,75,000 | | |
| 22-23 | കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ കുമ്പയിൽ റോഡ് (എസ്.0252/23) | 373/4.3.23 | ₹2,00,000 | | ₹2,00,000 |
| | എസ്.സി.വനിത വർക്ക് ഷെഡ് വാർഡ് 1 കുടിവെള്ള സൌകര്യം ഏർപ്പെടുത്തൽ (എസ്.0249/23) | 374/4.3.23 | ₹50,000 | - | ₹50,000 |
| | കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (വാർഡ് 1-20) (എസ്.0253/23) | 375/4.3.23 | ₹11,71,900 | - | ₹11,71,900 |
| | ആകെ | | ₹14,21,900 | | |
| ഒട്ടാകെ | | | ₹1,07,46,365 | - | ₹1,07,46,365 |

എസ്.0249/23 പ്രോജക്ട് പ്രകാരം നിക്ഷേപിച്ച ₹50,000 ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണവും വർഷാവസാനം ധനവിനിയോഗസാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകയിൽ 2021-22 വർഷത്തിന് മുമ്പ് നിക്ഷേപിച്ച ₹64,49,465 ന്റെ പ്രവൃത്തി വിവരങ്ങളും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.14/17.8.23) നൽകിയെങ്കിലും വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

2. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500202 | ₹46,80,651 | ₹21,649 | - | ₹47,02,300 |

നിക്ഷേപ പ്രവൃത്തികളുടെ വിശദവിവരം .

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| --- | വിവരങ്ങൾ ലഭ്യമല്ല | --- | ₹42,34,923 | - | ₹42,34,923 |
| 21-22 | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ (എസ്.0029/22) | 5481561/ 13.9.21<br>393/ 23.2.22 | ₹10,237<br>₹10,413 | - | ₹20,650 |
| | | ആകെ | ₹20,650 | | |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (എസ്.0006/22) | 87/13.8.21<br>133/25.9.21 | ₹1,15,758<br>₹19,394 | - | ₹4,25,078 |

| | | | | | |
|---|---|---|---|---|---|
| | | 283/10.01.22 | ₹2,89,926 | | |
| | | ആകെ | ₹4,25,078 | | |
| 22-23 | വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ വാർഡ് 7 (എസ്.0102/23) | 845879/ 25.3.23 | ₹21,649 | - | ₹21,649 |
| ഒട്ടാകെ | | | ₹47,02,300 | | ₹47,02,300 |

വർഷാവസാനം ധനവിനിയോഗസാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകയിൽ 2021-22 വർഷത്തിന് മുമ്പ് നിക്ഷേപിച്ച ₹42,34,923ന്റെ പ്രവൃത്തി വിവരങ്ങൾ ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.14/17.8.23) നൽകിയെങ്കിലും വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് നിക്ഷേപ പ്രവൃത്തികൾക്കായ് ജലഅതോറിറ്റി , വൈദ്യുതി ബോർഡ് എന്നീ ഏജൻസികൾക്ക് തുക നൽകുമ്പോൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാതൃകയിൽ കരാറിൽ ഏർപ്പെടേണ്ടതും കരാർ കലാവധിക്കുള്ളിൽ പണി പൂർത്തീകരിച്ച് ബിൽ സഹിതം ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂർ തുക ക്രമീകരിക്കേണ്ടതുമാണ്. മുൻവർഷങ്ങളിൽ ജലഅതോറിറ്റിക്ക് നല്കിയിട്ടുള്ള ₹64,49,465/-ന്റെയും വൈദ്യുതി ബോർഡിന് നൽകിയിട്ടുള്ള ₹42,34,923/-ന്റെയും പ്രവൃത്തികളുടെ വിശദവിവരം പഞ്ചായത്തിൽ ലഭ്യമല്ല എന്നത് ഗൗരവപൂർവ്വം കാണേണ്ടതാണ്. ഇക്കാര്യം മരാമത്ത് സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയിലേക്കായി ശുപാർശ ചെയ്യുന്നു.

## 1-24 ദുരിതാശ്വാസ നിധി

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് അവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാൻ പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ് എന്ന നിർദ്ദേശമുണ്ട്. ഇതിലെ ചട്ടം 4 (3) പ്രകാരം നിധിയിലേക്ക് ധനം സമാഹരിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമായി പ്രസിഡന്റും ഗ്രാമ പഞ്ചായത്തംഗങ്ങൾ തങ്ങൾക്കിടയിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരംഗവും സെക്രട്ടറിയുമടങ്ങുന്ന, പഞ്ചായത്തിന്റെ ഒരു സബ്കമ്മറ്റി ഉണ്ടായിരിക്കേണ്ടതും പ്രസിഡന്റ് പ്രസ്തുത സബ്കമ്മിററിയുടെ ചെയർമാനും സെക്രട്ടറി കൺവീനറുമായിരിക്കേണ്ടതുമാണ്.
ഉദയംപേരൂർ ഗ്രാമപഞ്ചായത്തിൽ ഇതിനായി ബാങ്ക് അക്കൗണ്ട് നിലവിലുണ്ട് (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ അക്കൗണ്ട് നമ്പർ 67156156248 ). 2023 സാമ്പത്തിക വർഷാവസാനം 1505/- രൂപ ക്രഡിറ്റ് ബാലൻസുള്ള പ്രസ്തുത അക്കൗണ്ടിന്റെ പാസ് ബുക്ക് പരിശോധിച്ചതിൽ വർഷങ്ങളായി പലിശവരവല്ലാതെ യാതൊരു നിക്ഷേപമോ പിൻവലിക്കലുകളോ നടത്തിയിട്ടില്ലാത്തതായാണ് കാണുന്നത്. നിധിയുടെ പ്രവർത്തനം നിഷ്ക്രിയമായി തുടരുന്നതായി ഇതിൽ നിന്നും വ്യക്തമാകുന്നു. 22.06.2023 ലെ പഞ്ചായത്ത് കമ്മറ്റി യോഗത്തിലെ 9 (1) നമ്പർ തീരുമാനം പ്രകാരം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി നിലവിൽ വന്നതിനു ശേഷം ഏറെ വൈകിയാണ് സബ്കമ്മിറ്റി രൂപീകരിച്ചിരിക്കുന്നതെങ്കിലും വരും നാളുകളിൽ ചട്ടം 3 (2) പ്രകാരം ധനശേഖരണം നടത്തി, മാതൃകാപരമായി പ്രവർത്തിച്ച് പ്രയാസമനുഭവിക്കുന്നവർക്ക് അവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല (ഗവ. എൽ. പി. സ്കൂൾ )

(എ) ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ നിർവ്വഹണം നടത്തിയ സമഗ്രശിക്ഷാ കേരളം തുക കൈമാറൽ എന്ന പ്രോജക്ടിനായി താഴെ ചേർക്കുന്ന പ്രകാരം ₹ 7,00,000/- ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സമഗ്രശിക്ഷാകേരളം തുക കൈമാറൽ |
| പ്രോജക്ട് നമ്പർ | എസ് 0110/23 |
| അടങ്കൽവിശദവിവരം | 7,00,000/- (Dev. Gen) |
| ചെലവ് | 7,00,000/- |
| ബിൽ നം./തീയതി | 261/21.01.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ |

The District Co- Ordinator SSK Ernakulam എന്ന പേരിലെ 0806101074212 എന്ന അക്കൗണ്ട് നമ്പരിലേക്ക് നൽകിയിരിക്കുന്ന, മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

(ബി) തുടർ സാക്ഷരത- പരീക്ഷ ഫീസ് നൽകൽ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തുടർ സാക്ഷരത- പരീക്ഷ ഫീസ് നൽകൽ |
| പ്രോജക്ട് നമ്പർ | എസ്.0162/23 |
| അടങ്കൽ | 50,000/- (Dev. Gen) |
| ചെലവ് | 47,900/- |
| ബിൽ നം./തീയതി | 400/15.03.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ |

മേൽ പ്രൊജക്ടിനായി തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കോഴ്സ് | പഠിതാക്കളുടെ എണ്ണം X ഫീസ് | തുക നൽകിയിരിക്കുന്ന അക്കൗണ്ട് നം. ( സാക്ഷരതാ മിഷൻ) |
|---|---|---|---|
| 1 | പത്താം തരം തുല്യത | 6X1850 = 11,100/- | 57026996123 |
| 2 | ഹയർ സെക്കന്ററി തുല്യത | 16x2300 =36,800/- | 02880100113107 |
| | ആകെ | 47,900/- | |

ഈ പഠിതാക്കൾ പരീക്ഷയ്ക്ക് ഹാജരായതിന്റെ അറ്റൻഡൻസ് സർട്ടിഫിക്കറ്റോ പരീക്ഷ പാസ്സായ സർട്ടിഫിക്കറ്റോ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 19/17.08.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.
മേൽ അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവു തുകയായ ₹ 7,47,900/- തടസ്സപ്പെടുത്തുന്നു.

## 1-26 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല(വാട്ടർ അതോറിറ്റി)

സെക്രട്ടറി,ഗ്രാമ പഞ്ചായത്ത് 2022-23സാമ്പത്തിക വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾക്കായി വാട്ടർ അതോറിറ്റിക്ക് മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി 10/16.08.23).പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം | അടങ്കൽ ചെലവ് / ഫണ്ട് | പദ്ധതിയുടെ പേര് | സ്ഥാപനം | ചെക്ക്നം/ ബിൽ നം | ചെലവ് (₹) |
|---|---|---|---|---|---|
| 252/23 | അടങ്കൽ-200000/- ചെലവ്-200000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ് ) | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ കുമ്പയിൽ റോഡ് - വാർഡ്-9 | വാട്ടർ അതോറിറ്റി | 373/ 04.03.23 | 2,00,000/- |
| 249/23 | അടങ്കൽ-50000/- ചെലവ്-50000/- (വികസന ഫണ്ട്- എസ്.സി.പി ) | എസ്.സി. വനിതവർക്ക് ഷെഡ് വാർഡ്1 കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ | വാട്ടർ അതോറിറ്റി | 374/ 04.03.23 | 50,000/- |
| 253/23 | അടങ്കൽ1171900/- ചെലവ്-117190/ ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (വാർഡ് 1-20 വരെ) | വാട്ടർ അതോറിറ്റി | 375/ 04.03.23 | 11,71,900/- |
| ആകെ | | | | | 14,21,900/- |

## 1-27 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല(കെ.എസ്.ഇ.ബി.)

സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് 2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾക്കായി കെ.എസ്.ഇ.ബി.ക്ക് മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല (എൻക്വയറി നം-10/16.08.23). പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവ് തുക 21649/- തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം. | അടങ്കൽ ചെലവ് / ഫണ്ട് | പദ്ധതിയുടെ പേര് | സ്ഥാപനം | ചെക്ക്നം/ബിൽ നം | ചെലവ് (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 102/23 | അടങ്കൽ- 25000/- ചെലവ്- 21649/- (തനത് ഫണ്ട്) | വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ വാർഡ്- 7 | കെ.എസ്.ഇ.ബി. | 845879,25/03/2023 | 21,649/- |

1-28 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല(ഐ.കെ.എം).

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 0093/23,ഐ.കെ.എം പ്രവർത്തനഫണ്ട് നൽകൽ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | ₹1,00,000/- (വികസനഫണ്ട് ജനറൽ) |
| ചെലവ് | ₹1,00,000/- (ബിൽ നം-90/17.09.22) |

പ്രവർത്തന ഫണ്ടിനത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം നൽകിയ ₹1,00,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എം.ൽ നിന്നും ലഭ്യമായിട്ടില്ല (എൻക്വയറി-9/16.08.2023) വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-29 ഹൈസ്കൂളിൽ വെന്റിംഗ് മെഷീൻ സ്ഥാപിക്കൽ (ഷീ പാഡ് പദ്ധതി)-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം./ പേര് | 92/23,ഹൈസ്കൂളിൽ വെന്റിംഗ് മെഷീൻ സ്ഥാപിക്കൽ (ഷീ പാഡ് പദ്ധതി) |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | 1912486 |
| ചെലവ് | 659327/- ബിൽ നം.246/13.01.23 |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി മുകളിൽ ചേർത്തിരിക്കുന്ന പദ്ധതി, ഉദയംപേരൂർ ഗ്രാമ പഞ്ചായത്തിലെ അഞ്ച് സ്കൂളുകളിലായി നടപ്പിലാക്കാനായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് സ.ഉ.(സാധാ)നം. 280/16/ത.സ്വ.ഭ.വ തീയതി 25.01.2016 പ്രകാരം ₹6,59,327/- നല്കിയിട്ടുണ്ട്. ആയതിന്റെ വിനയോഗ വിവരം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി-31/19.08.23).ആയത് ലഭ്യമാക്കുന്നതു വരെ ചെലവ് തുക ₹6,59,327/- തടസ്സപ്പെടുത്തുന്നു.

1-30 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയുടെ അപാകത സംബന്ധിച്ച്

ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് - വാർഷിക ഓഡിറ്റ് 2022-23 - അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിൽ ചുവടെ ചേർക്കുന്ന അപാകതയുണ്ട്.

1.

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 205/23,<br>പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ കസേര വിതരണം. |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹139200<br>വികസനഫണ്ട് (എസ്.സി.പി) |
| ചെലവ് | ₹139200<br>ബിൽ നം-317/14.02.23 |

ഈ പ്രോജക്ടിന്റെ ഭാഗമായി ആകെ 29 ഗുണഭോക്താക്കൾക്ക് മേശയും കസേരയും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽ താഴെ ചേർക്കുന്ന 5 വിദ്യാർത്ഥികൾ അംഗീകൃത ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുന്നവരല്ല.

1. കാശിനാഥ്
2. ശിവാനി ദാസ്
3. അനുഗ്രഹ്. ടി.എസ്
4. ആകർഷ്, റാന്തശ്ശേരി.
5. ഗൗരികൃഷ്ണ എൻ.ആർ.

മേൽ അപാകത ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 26/19.8.23 ലഭിച്ച മറുപടി പ്രകാരം അടുത്ത ഗ്രാമസഭയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങുന്നതാണെന്ന് അറിയിച്ചു.ഗ്രാമസഭയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങുന്നതു വരെ 5 വിദ്യാർത്ഥികൾക്ക് മേശ കസേര വിതരണം ചെയ്ത തുക 24000/-(4800x5) തടസ്സത്തിൽ വെയ്ക്കുന്നു.

2.

| | |
|---|---|
| പ്രോജക്ട് നം, പേര് | 198/23,<br>എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹495000<br>(വികസനഫണ്ട് (എസ്.സി.പി)-184319/-<br>തനത് ഫണ്ട്-10681/-<br>ജില്ലാ പഞ്ചായത്ത് വിഹിതം-300000/-) |
| ചെലവ് | (വികസനഫണ്ട് (എസ്.സി.പി) -₹183519/-<br>(1.₹18519ബിൽ നം-209/28.12.22<br>2.₹65000/-ബിൽ നം-351//27.2.23<br>3.₹20000ബിൽ നം-428/16.03.23<br>4.₹80000/-ബിൽ നം-183/09.12.22<br>തനത്-₹1481/-ചെക്ക്നം 535536/9.1.23<br>ജില്ലാ പഞ്ചായത്ത് വിഹിതം-₹300000/-ബിൽ നം-409/15.3.23 |

ഈ പ്രോജക്ടിന്റെ ഭാഗമായി ആകെ 37 ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽ താഴെ ചേർക്കുന്ന 9 ആളുകൾ അംഗീകൃത ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുന്നവരല്ല.

1.അമൽ.ടി.കെ – 20,000/-

2.ഗോപിക.പി.യു – 20,000/-

3.ഹരികൃഷ്ണൻ.പി.കെ – 20,000/-

4.നന്ദന ഗോപി – 20,000/-

5.ആദിത്യൻ കൈലാസ് – 20,000/-

6.ആഷ്നി ബാബു – 30,000/-

7.നൃപൻ സാബു – 30,000/-

8.ആര്യ ഷൺമുഖൻ – 20,000/-

9.സന്താന.പി.പ്രസാദ് – 20,000/-
ആകെ – 2,00,000/-

മേൽ അപാകത ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി പ്രകാരം ജില്ലാ പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച അപേക്ഷകർ ആയിരുന്നതിനാൽ ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടില്ല. അടുത്ത ഗ്രാമസഭയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങുന്നതാണെന്ന് അറിയിച്ചു. ഗ്രാമസഭയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങുന്നതു വരെ 9 വിദ്യാർത്ഥികൾക്ക് നല്കിയ ചെലവ് തുക 2,00,000/- തടസ്സത്തിൽ വെയ്ക്കുന്നു.

1-31 മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു.

ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 1996-97 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡം ആകയാൽ ആയവ തീർപ്പാക്കാതെ അവശേഷിക്കപ്പെടുന്നത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ആശാസ്യമായ സ്ഥിതിവിശേഷം അല്ല. 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ) പ്രകാരം യഥാസമയം തന്നെ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം ഖണ്ഡിക

4-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയവ തീർപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-32 ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ₹21,442 പഞ്ചാത്തക്കൌണ്ടിൽ അടവാക്കി.

ഓഡിറ്റ് എൻക്വയറി നൽകി ഗ്രാമപഞ്ചായത്തിന്റെ നഷ്ടം ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് ₹21,442 ഗ്രാമപഞ്ചായത്ത് അക്കൌണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് എൻക്വയറി നമ്പർ | നഷ്ടത്തുക | അടവാക്കിയ തുക | രസീത് നമ്പർ | ഓഡിറ്റ് എൻക്വയറി നൽകിയ വിഷയം |
|---|---|---|---|---|
| 03/15.08.2023 | ₹8000 | ₹8000 | 1230000239/G070901 /21.08.2023 | ഓണം അഡ്വാൻസ് |
| | ₹12000 | ₹12000 | 12302022396/G070901 /21.08.2023 | ഓണം അഡ്വാൻസ് |
| 16/17.08.2023 | ₹1442 | ₹1442 | 1230202391/G070901 /21.08.2023 | ബിൽഡിംഗ് പെർമിറ്റ് ഫീസ് |
| ആകെ | ₹21442 | ₹21442 | | |

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 ടെലികോം കമ്പനികൾ സ്ഥാപിച്ചിരിക്കുന്ന ജി. ഐ. പോളുകളുടെ വാർഷിക വാടക (2022-23 വർഷത്തെ പോൾ റെന്റ് ) ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.12.2021ലെ അനുമതിയുടെ അടിസ്ഥാനത്തിൽ, ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള റോഡുകളിൽ ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 447 പോളുകളും ടെലിസോണിക് നെറ്റ് വർക്ക് ലിമിറ്റഡ് എന്ന സ്ഥാപനം 245 പോളുകളും സ്ഥാപിച്ചിട്ടുണ്ട്. സെക്രട്ടറിയുടെ 20.02.2022 ലെ എ5/7133/21 നമ്പർ ഓഫീസ് ഉത്തരവ്, 21.01.2022 ലെ എ5/7133/21 നമ്പർ കത്ത് എന്നിവ പ്രകാരം സർക്കാർ ഉത്തരവ് (Rt) നമ്പർ 89/2020/PWD Dt. 23.01.2020 ലെ നിബന്ധനകൾ ബാധകമാക്കിയാണ് പോളുകൾ സ്ഥാപിക്കാൻ അനുമതി നൽകിയിരിക്കുന്നത്. ടി സർക്കാർ ഉത്തരവ് പ്രകാരം പോളുകൾക്ക് വർഷംതോറും 5% വർദ്ധനവിൽ താഴെ ചേർക്കും പ്രകാരം വാടക ലഭ്യമാകേണ്ടതാണ്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം. 2-1-1 , 2-1-2 എന്നിവയിൽ ഇതു സംബന്ധിച്ച വിശദമായ പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്. 2022-23 ൽ ലഭിക്കേണ്ട വാർഷിക വാടക വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | പോൾ റെന്റ് | | | GST 18 % | ആകെ |
|---|---|---|---|---|---|---|
| | | 2021-22 ലെ തുക | വാർഷിക വർദ്ധനവ് 5% | 2022-23ൽ ആകെ ഈടാക്കേണ്ടത് | | |
| 1. | ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് | 447x360 = 160920 | 8046 | 168966 | 30414 | ₹1,99,380/- |
| 2. | ടെലിസോണിക് നെറ്റ് വർക്ക് ലിമിറ്റഡ് | 245x360 = 88200 | 4410 | 92610 | 16670 | ₹1,09,280/- |
| ആകെ | | | | | | ₹3,08,660/- |

മേൽ പ്രകാരം വാടക ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം. 25/19.08.23) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. മേൽ തുക മേൽ സൂചിപ്പിച്ചവരിൽ നിന്ന് ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി പരിഗണിക്കുന്നതാണ്. 2023-24 വർഷം (നടപ്പ് സാമ്പത്തിക വർഷം) ബഡ്ജറ്റിൽ ഉൾപ്പെടുത്തി 5% വർദ്ധനവോടെ പോൾ റെന്റ് ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. വരും വർഷങ്ങളിൽ വാടക നഷ്ടപ്പെടാതെ ഈടാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തി റന്റ് രജിസ്റ്റർ പരിപാലിക്കുന്നതിന് ഉചിതമായ തീരുമാനമെടുക്കുന്നതിന് ധനകാര്യ സ്ററാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ

വിഷയത്തിലേക്ക് ക്ഷണിക്കുന്നു. ഇത്തരത്തിൽ ടെലികോം കമ്പനികളുടെ മറ്റ് പോളുകൾ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുണ്ടോ എന്ന് പരിശോധിച്ച് തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൌണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | ₹292450 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് (എസ്.0067/23) | ₹292450 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹2529733 | ലൈഫ് ഭവനനിർമ്മാണം – ജനറൽ (എസ്.0148/23) | ₹2529733 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹200000 | ലൈഫ് ഭൂമി വാങ്ങൽ – ജനറൽ(എസ്. 0161/23) | ₹200000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹982383 | ലൈഫ് ഭൂമി വാങ്ങൽ – പട്ടികജാതി(എസ്. 0224/23) | ₹982383 | - |
| ആകെ | | ₹4004566 | | ₹4004566 | - |
| ജില്ലാ പഞ്ചായത്ത് | | ₹218530 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് (എസ്.0067/23) | ₹218530 | - |
| ജില്ലാ പഞ്ചായത്ത് | | ₹158928 | നെൽക്കൃഷിവികസനം (എസ്.0109/23) | ₹158928 | - |
| ജില്ലാ പഞ്ചായത്ത് | | ₹300000 | എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0198/23) | ₹300000 | - |
| ജില്ലാ പഞ്ചായത്ത് | | ₹25000 | പോത്തുക്കുട്ടി വിതരണം (എസ്.0229/23) | ₹25000 | - |
| ആകെ | | ₹702458 | | ₹702458 | - |

### 4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് കേരള സ്റ്റേറ്റ്ഇലക്ട്രിസിറ്റി ബോർഡ്, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിവരുന്നു. ഇപ്രകാരം ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് .

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2022-23 | വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽവാർ 7 (എസ്.0102/23) | 845879/ 25.3.23 | ₹21,649 | - | ₹21,649 |
| ആകെ | | | ₹21,649 | | ₹21,649 |

ബി) കേരള ജലഅതോറിറ്റി

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| 2022-23 | കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ കുമ്പയിൽ റോഡ് (എസ്.0252/23) | 373/ 4.3.23 | ₹2,00,000 | | ₹2,00,000 |
| | എസ്.സി.വനിത വർക്ക് ഷെഡ് വാർഡ് 1 കുടിവെള്ള സൌകര്യം ഏർപ്പെടുത്തൽ (എസ്.0249/23) | 374/ 4.3.23 | ₹50,000 | - | ₹50,000 |
| | കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (വാർഡ് 1-20) (എസ്.0253/23) | 375/ 4.3.23 | ₹11,71,900 | - | ₹11,71,900 |
| ആകെ | | | ₹14,21,900 | - | ₹14,21,900 |

എസ്.0249/23 പ്രോജക്ട് പ്രകാരം നിക്ഷേപിച്ച ₹50,000 ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനം നിർമ്മാണം HUDCO | സ.ഉ.(കൈ) നം. 53/2022 /ത.സ്വ.ഭ.വ./ 11.03.2022 | ₹66,40,000 | 0 | ₹2136849 + ₹396000 (21-22 ൽ ഉത്ഭവത്തിൽ കുറവ് വരുത്തിയത്) ₹25,32,849 | 0 | ₹41,07,151 |

.

| തിരിച്ചടവിന്റെ വിവരം | | |
|---|---|---|
| ജി.ഒ.പ്രോജക്ട് | | തുക |
| നമ്പർ | പേര് | |
| 288/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -പൊതുവിഭാഗം | ₹858461 |
| 286/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -പൊതുവിഭാഗം | ₹858462 |
| 287/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -എസ്.സി.പി. | ₹209963 |
| 290/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -എസ്.സി.പി. | ₹209963 |
| 21-22 ൽ ഉത്ഭവത്തിൽ കുറവ് ചെയ്ത തുക | സ.ഉ.(സാധ) നം.3367/21/7.4.21 -പൊതുവിഭാഗം | ₹29333 |
| | സ.ഉ.(സാധ) നം.5206/21/30.7.21 -പൊതുവിഭാഗം | ₹146667 |
| | സ.ഉ.(സാധ) നം.22/22/1.1.22 -പൊതുവിഭാഗം | ₹187478 |
| | സ.ഉ.(സാധ) നം.5206/21/30.7.21 - എസ്.സി.പി. | ₹14667 |
| | സ.ഉ.(സാധ) നം.22/22/1.1.22 -എസ്.സി.പി. | ₹17855 |
| ആകെ | | ₹25,32,849 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹27,81,926 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | ₹1,73,870 |
| ആകെ | ₹29,55,796 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹29,55,796 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രസീത് നം. |
|---|---|---|
| കേരള ബാങ്ക് | ₹23,24,686 | 0076541/7.5.22 |
| കേരള ബാങ്ക് | ₹6,31,110 | 0076542/7.5.22 |
| ആകെ | ₹29,55,796 | |

എ.എഫ്.എസ്.പ്രകാരം വർഷാവസാനം സ്ഥിരനിക്ഷേപ നീക്കിയിരുപ്പ് ₹31,29,666 എന്നാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ തൻവർഷത്തെ നീക്കിയിരുപ്പ് തുക ₹29,55,796ആണെന്ന് ഫിക്സഡ് ഡെപ്പോസിറ്റ് രസീതുകൾ പരിശോധിച്ചപ്പോൾ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ടതിന് (എൻക്വയറി നം.4/15.8.233) 22-23 ലെ മുന്നിരുപ്പ് രേഖപ്പെടുത്തിയതിലുണ്ടായ പിശകുമൂലമാണ് അങ്ങനെ ഉണ്ടായതെന്നും ACT. 9635/23 ജേണൽ പ്രകാരം നീക്കിയിരുപ്പ് തുക ₹29,55,796 എന്ന് ക്രമീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|
| 2002-03 | 2-2 | ₹496 | മാതാ ടാക്കീസ് | 1220202378 / 11.08.2022 | 190200401 |
| 2013-14 | 3-2 | ₹234 | എ.ഇ. വാട്ടർ അതോറിറ്റി | 1220202303/ 6.8.2022 | 290600301 |
| 2013-14 | 3-1 | ₹300 | എ.ഇ. കെ.എസ്.ഇ.ബി. | 1220202303/ 6.8.2022 | 290600302 |
| ആകെ | | ₹1030 | | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99മുതൽ 2001-02 വരെ | 3.5.1 | 2006-07 | | പട്ടികജാതി വിഭാഗത്തിനുള്ള കിണർ നിർമ്മാണം ജെ.ജി.എസ്.വൈ | ഓഡിറ്റ് തടസ്സം നീക്കുന്നതിലേക്ക് തീരുമാന സഹിതം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് |
| 2014-15, 2015-16 | 2.1 | 2016-17 | | തൊഴിൽ നികുതി സംബന്ധിച്ച് | ഓഡിറ്റ് തടസ്സം നീക്കുന്നതിലേക്ക് രസീതുകളുടെ പകർപ്പ് സമർപ്പിച്ചിട്ടുണ്ട്. |

## 4-9 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്തവിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | ₹7,88,56,859 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | ₹6,75,10,826 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹3,08,660 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹38,59,824 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-5 & 2-1 | ₹3,08,660 | - | പി.എ.മുഹമ്മദ് ഹാഷിം, സെക്രട്ടറി ഗ്രാമപഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17-1 | ₹46,422 | ഡോ.സുമ വർഗ്ഗീസ്, മെഡിക്കൽ ഓഫീസർ ഹോമിയോ. |
| 1-17-2 | ₹2,38,626 | ഡോ.റോഷിനി.എം.ടി. മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| 1-21 | ₹4,00,000 | പി.എ.മുഹമ്മദ് ഹാഷിം, സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| 1-25 | ₹7,47,900 | ഷൈനി മാത്യു, ഹെഡ്മിസ്ട്രസ്, വി.ജെ.ബി.എസ്. |
| 1-26 | ₹14,21,900 | പി.എ.മുഹമ്മദ് ഹാഷിം, സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| 1-27 | ₹21,649 | പി.എ.മുഹമ്മദ് ഹാഷിം, സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| 1-28 | ₹1,00,000 | പി.എ.മുഹമ്മദ് ഹാഷിം, സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| 1-29 | ₹6,59,327 | അനുഷ കെ.കെ. ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-30 | ₹2,24,000 | സിന്ധു എസ്. അസിസ്റ്റന്റ് സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| ആകെ | ₹38,59,824 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.എ.മുഹമ്മദ് ഹാഷിം, സെക്രട്ടറി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് | ആലിയ മൻസിൽ. തൃക്കാക്കര പി.ഒ. കൊച്ചി 21 |
| ഡോ.സുമ വർഗ്ഗീസ്, മെഡിക്കൽ ഓഫീസർ ഹോമിയോ. | മെഡിക്കൽ ഓഫീസർ ഹോമിയോ. കണ്ടനാട് | ഉമ്മാച്ചേരിൽ, പൂപ്പാനി റോഡ്, പെരുമ്പാവൂർ |
| ഡോ.റോഷിനി.എം.ടി. മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. ഉദയംപേരൂർ | മുരുളിൽ , ചെട്ടിപ്പറമ്പിൽ ലെയിൻ, തെക്കുംഭാഗം, തൃപ്പൂണിത്തുറ |
| ഷൈനി മാത്യു, ഹെഡ്മിസ്ട്രസ്, വി.ജെ.ബി.എസ്. | ഹെഡ്മിസ്ട്രസ്, വി.ജെ.ബി.എസ്. ഉദയംപേരൂർ | ചെത്തിയമൂഴിയിൽ, കാഞ്ഞിരമിറ്റം പി.ഒ. എറണാകുളം |
| അനുഷ കെ.കെ. ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | പറമ്പാത്ത്, കുന്നത്തറ പി.ഒ. കോഴിക്കോട് |

| | | |
|---|---|---|
| സിന്ധു എസ്. അസിസ്റ്റന്റ് സെക്രട്ടറി ഗ്രാമപഞ്ചായത്ത് | അസിസ്റ്റന്റ് സെക്രട്ടറി, ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് | മുട്ടാത്തികാരോട്ട്, കാഞ്ഞിരമറ്റം പി.ഒ. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ-ഇ.കെ.എം (പി6) 709/18 തീ. 07.09.18 |
| 1998-99 മുതൽ 2001-02 വരെയുള്ള പദ്ധതിവിഹിതം ഒഴികെ | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.22 |
| 1998-99 മുതൽ 2001-02 പദ്ധതി ചെലവ് | എൽ.എഫ്.ഇ(പി6)15/2004 തീ. 18.12.2004 |
| 1998-99 (വരവ്) | എൽ.എഫ്.ഇ(പി6)2008/2007 തീ. 09.07.08 |
| 1999-2000(വരവ്) | എൽ.എഫ്.ഇ(പി6)2009/2007 തീ. 09.07.08 |
| 2000-2001(വരവ്) | എൽ.എഫ്.ഇ(പി6)2010/2007 തീ. 09.07.08 |
| 2001-2002(വരവ്) | എൽ.എഫ്.ഇ(പി6)2011/2007 തീ. 09.07.08 |
| 2002-2003 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2004-2005 | കെ.എസ്.എ-ഇ.കെ.എം (പി6)1517/22 തീ. 09.12.2022 |
| 2005-2006 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2006-2007 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2007-2008 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2008-2009 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2009-2010 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2010-2011 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2011-2012 & 2012-13 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2013-14 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2018-19 | കെ.എസ്.എ ഇ.കെ.എം(പി6)1699/2019 തീ.05.11.19 |
| 2019-20 | കെ.എസ്.എ ഇ.കെ.എം(പി6)727/2021 തീ.15.01.22 |
| 2020-21 | കെ.എസ്.എ ഇ.കെ.എം(പി6)521/2022 തീ.21.07.22 |
| 2021-22 | കെ.എസ്.എ ഇ.കെ.എം(പി6) 214/23 തീ.19.04.2023 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 10-07-2023 and submitted on 12-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Udayamperoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Udayamperoor Grama Panchayat for the year 2022-2023

Date: 05/10/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Udayamperoor Grama Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.
2. Lack of Panchayath Raj Budget rules adversely affecting budgetary control system.
3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.
4. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

**2.Other Observations**

1. The mandatory financial statements prescribed in accounting rules are not submitted for audit. Ratios and Notes on Accounts.
2. Investment amount shown in B-12 is mismatch with the Fixed deposit receipts.

3. Property tax DCB in AFS is mismatch with the details in Sanjaya.
4. E-Tender fee is not included in Balance sheet as assent in B-15 Schedule.
5. The Rent of Ambulance reciepts are entered in the head Hire charge of Boat instead of the Head Hire charge of Ambulence.
6. The DBT amount of Social security pensions are not included in AFS for the year.
7. The Advance amounts shown in Balance sheet is mismatch with those in Advance register.
8. The deposits balance in AFS is mismatch with those in Deposit register. The deposit register maintained is not authenticated by the secretary.
9. The Advance amount given to Kudumbashree is not fully entered in the asset head 460500304.
10. Amount paid for Street tap rent for the year is not fully recorded in PR-16.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്